ഉത്തരം

(എ) 4 വർഷം.

(ബി) 1984.85 സാമ്പത്തിക വർഷാവസാനത്തിൽ.

(സി) ഗ്രൂപ്പിംഗ് നടത്തുന്നതിന് ആധാരമായ പഞ്ചായത്തുകളുടെ വരുമാനപരിധിയെ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ജീവനക്കാരുടെ സംഘടനകളിൽ നിന്നും ആക്ഷേപങ്ങൾ പഞ്ചായത്ത് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ആക്ഷേപങ്ങൾ പഞ്ചായത്ത് ഡയറക്ടർ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(ഡി) പ്രൊപ്പോസൽ മേൽ കാണിച്ച കാരണത്താൽ പഞ്ചായത്ത് ഡയറക്ടർ ഇതുവരെ ഗവൺമെന്റിന് സമർപ്പിച്ചിട്ടില്ല.

(ഇ) ''സി''യിൽ പറഞ്ഞിരിക്കുന്ന കാരണംകൊണ്ട് വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല.

(എഫ്) ഡിപ്പാർട്ട്മെന്റ് ജീവനക്കാർക്ക് ഗ്രൂപ്പിംഗ് നടത്താത്തതുമൂലം പ്രമോഷൻ നൽകാതിരിക്കുന്നില്ല. ഇപ്പോഴും പ്രമോഷൻ നടത്തുന്നുണ്ട്.

(ജി, എച്ച്) പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗിന് ആധാരമായ വരുമാന പരിധി സംബന്ധിച്ച് ഉന്നയിച്ചിരുന്ന ആക്ഷേപത്തെക്കുറിച്ച് ഒരു തീരുമാനത്തിലെത്തിച്ചേർന്നാൽ ഗ്രൂപ്പിംഗ് നടത്തുന്നതാണ്.

വാഗമൺ കേന്ദ്രമാക്കി ഒരു പുതിയ പഞ്ചായത്ത്

812 [981] ശ്രീ. കെ. കെ. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് താലൂക്കിൽ വാഗമൺ കേന്ദ്രമാക്കി ഒരു പുതിയ പഞ്ചായത്ത് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

പുതിയ പഞ്ചായത്തുകളും തൽക്കാലം രൂപീകരിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്.

പഞ്ചായത്തുകളുടെ അതിർത്തി നിർണ്ണയം

813 [983] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിസ്തൃതി, ജനസംഖ്യ എന്നിവയെ അടിസ്ഥാനമാക്കി പഞ്ചായത്തുകളുടെ അതിർത്തി പുനർനിർണ്ണയം നടത്തുവാനുള്ള ഏതെങ്കിലും പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഏതെല്ലാം പഞ്ചായത്തുകൾ പുനർ വിഭജനം നടത്താനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) പഞ്ചായത്തുകളുടെ പുനർ വിഭജനം ഇപ്പോൾ നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചിരിക്കുകയാണ്.

ബാലരാമപുരം എസ്. സി. എം. ഗ്രന്ഥശാലയിലെ പുസ്തകങ്ങൾ

814 [988] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ ബാലരാമപുരം പഞ്ചായത്തിന്റെ അധീനതയിലുള്ള എസ്. സി. എം. ഗ്രന്ഥശാലയിൽ ഇപ്പോൾ എത്ര പുസ്തകങ്ങളാണുള്ളത്;

(ബി) പഞ്ചായത്ത് പ്രസ്തുത ഗ്രന്ഥശാല ഏറ്റെടുത്തതിനുശേഷം ഗ്രന്ഥശാലയ്ക്ക് വേണ്ടി പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര രൂപയ്ക്ക്;

(ഡി) എത്ര പുസ്തകങ്ങൾ വാങ്ങി?

ഉത്തരം

(എ) 2860 പുസ്തകങ്ങൾ.

(ബി) ഇല്ല.

(സി, ഡി) ചോദ്യം ഉദിക്കുന്നില്ല

സിനിമാ തിയേറ്ററുകളിലെ നികുതി വെട്ടിപ്പ്

815 [989] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സിനിമാ തിയേറ്ററുകളിൽ വ്യാപകമായി നികുതി വെട്ടിപ്പ് നടക്കുന്നത് തടയാൻ എന്തു നടപടികളാണ് എടുക്കുവാൻ പോകുന്നത്;

(ബി) സിനിമാ നികുതി സമ്പ്രദായം കോമ്പൗണ്ടിംഗ് രീതിയിലാക്കി വെട്ടിപ്പ് തടയാൻ ഗവൺമെന്റ് നടപടികൾ എടുക്കുമെന്ന് വകുപ്പ് മന്ത്രി പ്രസ്താവിച്ചിട്ടുണ്ടോ;

(സി) വർഷങ്ങൾ പലതായെങ്കിലും ഈ നടപടികൾ നിലവിൽ വരാത്തതിന്റെ കാരണമെന്താണ്;

(ഡി) ഈ സമ്പ്രദായം എന്നത്തേയ്ക്ക് നടപ്പാക്കുമെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly